# രക്ഷയുടെ പാതയിൽ



# ഈശോയുടെ പ്രബോധനങ്ങൾ

സീറോ മലബാർ സഭയുടെ വിശ്വാസ പരിശീലന പാഠാവലി

7

# ഉള്ളടക്കം


1. നിത്യജീവൻ പ്രാപിക്കാൻ
2. കർത്താവായ ദൈവം
3. ദൈവനാമം ആരാധ്യനാമം
4. കർത്താവിന്റെ ദിവസം
5. മാതാപിതാക്കളെ ബഹുമാനിക്കണം
6. ജീവൻ ദൈവദാനം
7. ലൈംഗിക വിശുദ്ധി
8. മോഷ്ടിക്കരുത്
9. സത്യം പറയുക
10. ദാമ്പത്യവിശുദ്ധി പാലിക്കുക
11. അവകാശമില്ലാത്തത് ആഗ്രഹിക്കരുത്
12. ശ്രേഷ്ഠമായ കല്പന
13. തിരുസഭയുടെ കല്പന
14. മന:സാക്ഷി രൂപീകരണം
15. സുവിശേഷ ഭാഗ്യങ്ങൾ

# പാഠം- 8



# മോഷ്ടിക്കരുത്


# മോഷ്ടിക്കരുത്

1. ഏഴാം പ്രമാണത്തിന്റെ അടിസ്ഥാനചിന്തകൾ
2. നീതി സങ്കൽപം
3. സ്വത്തവകാശവും മോഷണവും
4. പൊതുസ്വത്തിനോടുള്ള ആദരവ്
5. ഏഴാം പ്രമാണത്തിനെതിരായ തിന്മകൾ
6. തിരിച്ചുകൊടുക്കാനുള്ള കടമ

മോഷ്ടിക്കരുത്

# മോഷ്ടിക്കരുത്

- മോഷ്ടിക്കരുത് എന്ന പ്രമാണം സാമൂഹികനീതിയുമായി ബന്ധപ്പെട്ടിരിക്കുന്നു.





മോഷ്ടിക്കരുത്

മോഷ്ടിക്കരുത്

## ഏഴാം പ്രമാണത്തിന്റെ അടിസ്ഥാനചിന്തകൾ

❖ **സമ്പത്ത് ദൈവികദാനം**

- സമ്പത്ത് ദൈവിക ദാനമാണ്. സമ്പത്ത് മനുഷ്യന് ഉപയോഗിക്കാനുള്ളതാണ്. അന്യായമായി സമാഹരിച്ച് വയ്ക്കാനുള്ളതല്ല. അതു പങ്കുവയ്ക്കാതിരിക്കുന്നതും ദുരുപയോഗം ചെയ്യുന്നതും തിന്മയാ



മോഷ്ടിക്കരുത്




- **പൊതുസ്വത്തും സ്വകാര്യസ്വത്ത**

- പൊതുസ്വത്ത് എന്നും സ്വകാര്യ സ്വത്ത് എന്ന വിധത്തിൽ സ്വത്തിനെ കാണാവുന്നതാണ്. സമൂഹത്തിന് പൊതുവായുള്ളതും എല്ലാവർക്കും അവകാശമുള്ളതുമാണ് പൊതുസ്വത്ത്. വ്യക്തികൾക്ക് സ്വന്തമാക്കാൻ സാധിക്കുന്നതും അവർക്ക് ഉപയോഗിക്കാൻ അവകാശമുള്ളതുമായ സ്വത്താണ് സ്വകാര്യസ്വത്ത്. അപരന്റെ സ്വത്തിന്റെ അപഹരണമാണ് മോഷണം. ഇത് സ്വകാര്യ സ്വത്തവകാശത്തിന്മേലുള്ള കടന്നുകയററമാണ്.

# നീതി സങ്കൽപം


- ഓരോരുത്തർക്കും അവകാശപ്പെട്ടത് നൽകാൻ ഒരുവനെ പ്രേരിപ്പിക്കുന്ന പുണ്യമാണ് നീതി.
- പരസ്പരമുള്ള കടമകൾ പാലിക്കുകയെന്നത് നീതിയുടെ അടിസ്ഥാന തത്വമാണ്.



# സ്വത്തവകാശവും മോഷണവും

മോഷ്ടിക്കരുത്

- നമ്മുടെ സ്വത്തിനുമേൽ നമുക്കുള്ള അവകാശം പോലെതന്നെ പ്രധാനപ്പെട്ടതാണ് മററുള്ളവർക്ക് അവരുടെ സ്വത്തിന്മേലുള്ള അവകാശങ്ങളും. മറെറാരാളുടെ ഈ അവകാശത്തെ ഹനിക്കുവാൻ നമുക്ക് അധികാരമില്ല. ഇത്തരം അവകാശലം മോഷണമാണ്.



# പൊതുസ്വത്തിനോടുള്ള ആദരവ്

മോഷ്ടിക്കരുത്



- നാം അനുദിന ജീവിതത്തിൽ അനുഭവിക്കുന്ന പലതും പൊതുസ്വത്താണ്. പൊതുസമ്പത്ത് ആരെങ്കിലും അന്യായമായി കൈവശപ്പെടുത്തി ഉപയോഗിക്കുകയോ നശിപ്പിക്കുകയോ ചെയ്യുന്നത് സമൂഹത്തിന്റെ അവകാശത്തിന് മേലുള്ള ലംഘനമാണ്.

## ഏഴാം പ്രമാണത്തിനെതിരായ തിന്മകൾ




- പൊതുവസ്തുക്കൾ അലക്ഷ്യമായി ഉപയോഗിക്കുക, നശിപ്പിക്കുക, ധൂർത്തടിക്കുക, പ്രകൃതിവിഭവങ്ങളെ ചൂഷണം ചെയ്യുക, അന്തരീക്ഷമലിനീകരണം നടത്തുക ഇവയൊക്കെ പൊതുസ്വത്തിനോടുള്ള അനാദരവാണ്. തന്മൂലം ഇവയെല്ലാം ഏഴാം പ്രമാണത്തിന്റെ ലംഘനങ്ങളാണ്.
- കൈക്കൂലി, കള്ളക്കടത്ത്, നികുതിവെട്ടിപ്പ്, പൂഴ്ത്തിവയ്പ്പ്, കരിഞ്ചന്ത, പരീക്ഷയിലെ കോപ്പിയടി, അന്യായപ്പലിശവാങ്ങൽ, അധികാരം ദുരുപയോഗിക്കൽ, പക്ഷഭേദം കാണിക്കൽ, ജോലിക്കാർക്ക് ന്യായമായ കൂലി കൊടുക്കാതിരിക്കൽ മുതലായ തിന്മകൾ നമ്മുറെറ സമൂഹത്തിൽ വർദ്ധിച്ചുവരുന്നുസ്ഥ്. ഇവയും മോഷ്ടിക്കരുത് എന്ന പ്രമാണത്തിന്റെ ലംഘനങ്ങളാണ്.

മോഷ്ടിക്കരുത്

## തിരിച്ചുകൊടുക്കാനുള്ള കടമ

- മോഷണം നടത്തിയാൽ മോഷ്ടിച്ച വസ്തു തിരികെ കൊടുക്കാനുള്ള ഉത്തരവാദിത്തമുണ്ട്. അന്യായമായി കൈവശം വച്ചിരിക്കുന്ന വസ്തുവകകൾ തിരികെ കൊടുക്കുകയും അന്യായമായി വരുത്തിവച്ച നഷ്ടത്തിന് പരിഹാരം ചെയ്യുകയും വേണം. ആർക്കാണോ നഷ്ടം വരുത്തിയത്, ആ ആൾക്കുതന്നെ നഷ്ടപരിഹാരം ചെയ്യണം.
- മററുള്ളവരുടെ അവകാശങ്ങൾ സംരക്ഷിക്കുവാൻ നമുക്ക് ചുമതലയുണ്ടെന്നാണ് മോഷ്ട
എന്ന പ്രമാണം പഠിപ്പിക്കുന്നത്.



# നമുക്കു പാടാം

മോഷ്ടിക്കരുത്

(അഖിലാണ്ഡ മണ്ഡല...)

മാനവമക്കളെ
നീതിബോധത്തിൽ

കാത്തുവളർത്തുവാനേകിയ
മാർഗ്ഗം

അദ്ധ്വാനപൂർണ്ണമാം
ജീവിതവഴിയേ

സ്വന്തമായ് സ്വത്തുക്കൾ
നേടുക നമ്മൾ

സമ്പത്തിന്നുടമയാം ദൈവം
കല്പിച്ചു

മോഷണമരുതരുത്
നീതിയിൽ വളരൂ

അപരന്റെ
അവകാശലംഘനമരുത്



വഞ്ചനചെയ്യരുതരുത്
മാനിക്കണമവനെ.

പൊതുസ്വത്തും
വിഭവവും
ആദരപൂർവ്വം


കൈകാര്യം
ചെയ്തീടിൽ
നീതിയിൽ വളരാം

ധർമബോധത്തിന്റെ
വിത്തുകൾ പാകാം

നീതിയും സ്നേഹവും
പുൽകിടാമെന്നും

# വഴികാട്ടാനൊരു തിരുവചനം

മോഷ്ടിക്കരുത്



- കള്ളന്മാരും അത്യാഗ്രഹികളും കവർച്ചക്കാരും ദൈവരാജ്യം അവകാശമാക്കുകയില്ല (1 കോറി. 6:10)

## എന്റെ തീരുമാനം

- പൊതുവസ്തുക്കൾ യാതൊരു കാരണവശാലും ഞാൻ നശിപ്പിക്കുകയോ ദുരുപയോഗിക്കുകയോ ഇല്ല.

മോഷ്ടിക്കരുത്